# കൂടെ നിൽക്കുന്നവർക്ക് ദോഷം ചെയ്യരുത്

## സന്തോഷ് കരുമത്ര

പഴയ നിയമത്തിലെ ഏറ്റവും അനുഗ്രഹീതരായ വ്യക്തികളിൽ ഒരാളാണ് ഇസ്രയേൽ രാജാവായിരുന്ന ദാവീദ്. വിശുദ്ധഗ്രന്ഥത്തിൽ 886 തവണ ദാവീദിന്റെ പേര് രേഖപ്പെടുത്തിയിട്ടുണ്ട്. പഴയ നിയമത്തിലും പുതിയ നിയമത്തിലും ദൈവഹിതം അനുസരിക്കുകയും ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്ത വ്യക്തിയായിട്ടാണ് ദാവീദിനെ അവതരിപ്പിച്ചിരിക്കുന്നത്.

ദാവീദിന്റെ ആലോചന സംഘത്തിലെ പ്രധാനിയായിരുന്നു അഹിഥോഫെൽ. ദാവീദിന്റെ വളർച്ചയിൽ പ്രധാന പങ്കുവഹിക്കുകയും പിതൃ തുല്യമായ വാൽസല്യത്തോടെ അവന് ഉപദേശങ്ങൾ നൽകി കരുത്തു പകരുകയും ചെയ്ത വ്യക്തിയായിരുന്നു അദ്ദേഹം. **'അക്കാലത്ത് അഹിഥോഫെൽ നൽകിയ ഏതൊരുപദേശവും ദൈവ വെളിപാടുപോലെ സ്വീകരിക്കപ്പെട്ടിരുന്നു. ദാവീദും മകൻ അബ്സലോമും അവന്റെ ഉപദേശം അത്ര വിലമതിച്ചിരുന്നു.' (2 സാമു. 16: 23)**

**'ഒരു ദിവസം സായാഹ്നത്തിൽ ദാവീദ് കിടക്കയിൽനിന്ന് എഴുന്നേറ്റ് കൊട്ടാരത്തിന്റെ മട്ടുപ്പാവിൽ ഉലാത്തുമ്പോൾ ഒരു സ്ത്രീ കുളിക്കുന്നതു കണ്ടു. അവൾ അതീവ സുന്ദരിയായിരുന്നു. ദാവീദ് ആളയച്ച് അവൾ ആരെന്ന് അന്വേഷിച്ചു. അഹിഥോഫെലിന്റെ കൊച്ചുമകളും ഹിത്യനായ ഊറിയായുടെ ഭാര്യയുമായ ബത്ഷെബയാണ് അവളെന്ന് അവൻ അറിഞ്ഞു.' (2 സാമു. 11:2).** ബത്ഷെബയുമായി ദാവീദ് പാപം ചെയ്തു. തന്റെ പേരക്കുട്ടിയുടെ ജീവിതം ദീവീദ് നശിപ്പിച്ചത് അഹിഥോഫെലിന് താങ്ങാനായില്ല. ദാവീദിനെ കൊല്ലാൻ മാത്രം പക അവനിൽ നിറഞ്ഞു. **'അഹിഥോഫെൽ, ദാവീദിന്റെ മകനായ അബ്സലേമിനോടു ചോദിച്ചു: പന്തീരായിരം പേരെയും കൂട്ടി ഞാൻ ഇന്ന് ദാവീദിനെ പിന്തുടരട്ടെ. അവൻ ക്ഷീണിച്ച് ധൈര്യം കെട്ടിരിക്കുമ്പോൾ ഞാൻ ചെന്ന് ആക്രമിക്കും. കൂടെയുള്ളവർ ഓടിപ്പോകും. ദാവീദിനെ മാത്രം ഞാൻ കൊന്നുകളയും' (2 സാമു. 17 1–2).**

ദാവീദിന് തന്റെ ജീവിതത്തിൽ സംഭവിച്ച ഏറ്റവും വലിയ ദുരന്തമാണ് ബത്ഷെബയുടെ കാര്യത്തിലുണ്ടായത്. ദാവീദിന്റെ പ്രവൃത്തി മൂലം അവന്റെ ഭവനത്തിൽനിന്ന് വാൾ ഒഴിഞ്ഞില്ല.മറ്റെല്ലാ കാര്യങ്ങളിലും ദൈവഹിതം നിറവേറ്റിയ ദാവീദ് ഊറിയയുടെ ഭാര്യയായ ബത്ഷെബയുടെ കാര്യത്തിൽ പരാജയപ്പെട്ടു. അതിലൂടെ അവൻ തനിക്കൊപ്പം നിന്ന അഹിഥോഫെലിനും അവന്റെ കുടുംബത്തിനും ദ്രോഹം ചെയ്തു.കൂടെ നിൽക്കുന്നവർക്കു യാതൊരു തരത്തിലും ദോഷം ചെയ്യുന്നവരാകരുതെന്ന സന്ദേശമാണ് ദാവീദിന്റെ വീഴ്ചയിലൂടെ പരിശുദ്ധാത്മാവ് നൽകുന്നത്. ഇന്നത്തെ കാലത്ത് വെളിപ്പെട്ടുകൊണ്ടിരിക്കുന്ന വലിയ തിന്മയാണ് ഇത്. സ്വാർത്ഥ നേട്ടങ്ങൾക്കും ഭോഗേച്ഛകൾക്കും താൽക്കാലിക സുഖങ്ങൾക്കുവേണ്ടി തനിക്കൊപ്പം നിൽക്കുന്നവരെയും തന്നെ സ്നേഹിക്കുന്നവരെയും തള്ളി അവർക്ക് ദ്രോഹം ചെയ്യുന്ന വ്യക്തികളായി നാം മാറരുത്. ഭാര്യ ഭർത്താവിനും ഭർത്താവ് ഭാര്യക്കും മക്കൾ മാതാപിതാക്കൾക്കും മാതാപിതാക്കൾ മക്കൾക്കും ദോഷം ചെയ്യുന്നവരായി മാറരുത്. നമ്മൾ സകലർക്കും അനുഗ്രഹമായി മാറണം.

### തെറ്റ് ഏറ്റുപറഞ്ഞ് കർത്താവിലേയ്ക്കു മടങ്ങുക

ദാവീദിനെക്കുറിച്ച് കർത്താവിന്റെ വചനം മറ്റൊന്നുകൂടി പറയുന്നുണ്ട്. **ജെസ്സെയുടെ മകനായ ദാവീദിൽ എന്റെ ഹൃദയത്തിനിണങ്ങിയ ഒരു വ്യക്തിയെ ഞാൻ കണ്ടെത്തിയിരിക്കുന്നു. (അപ്പ. 13 22).**ദാവീദിന്റെ വിജയത്തിന്റെ രഹസ്യം ഇതാണ്. തെറ്റു ചെയ്തിട്ടും ദൈവം ദാവീദിനെ കൈവിടുന്നില്ല. പകരം നാഥാൻ പ്രവാചകനെ ദാവീദിന്റെ അടുത്തേക്ക് അയച്ചു. അവൻ ചെയ്ത തെറ്റിന്റെ ഗൗരവം പ്രവാചകനിലൂടെ ദൈവം ദാവീദിന് ബോധ്യപ്പെടുത്തുന്നു. ഇതു കേട്ടുകഴിഞ്ഞപ്പോൾ ദാവീദ് ഒരു കൊച്ചു കുട്ടിയേപ്പോലെ വാവിട്ടു നിലവിളിച്ചു. തെറ്റു തിരിച്ചറിഞ്ഞ് കുറ്റം ഏറ്റുപറഞ്ഞ് അവൻ ദൈവ സന്നിധിയിലേയ്ക്ക് തിരിച്ചു വരുന്നു.

നമ്മുടെയൊക്കെ ജീവിതത്തിലും ഇതുപോലെ സംഭവിച്ചിട്ടുണ്ടാകും. ചില താൽക്കാലിക നേട്ടങ്ങൾക്കുവേണ്ടി പലപ്പോഴും സ്നേഹിച്ചവരെ മാനിക്കാതെ അവരെ വേദനിപ്പിച്ചിട്ടുണ്ടാകാം. ദൈവം നൽകുന്ന അനുഗ്രഹങ്ങളെ സ്വീകരിക്കാൻ പറ്റുന്നില്ലെങ്കിൽ ഒന്നു ചിന്തിക്കുക, ദൈവമേ കൂടെ നിന്നവരെയോ എന്നെ സ്നേഹിച്ചവരെയോ ഒപ്പം പ്രവർത്തിച്ചവരെയോ ഞാൻ ദ്രോഹിച്ചിട്ടുണ്ടോ? എന്റെ പെരുമാറ്റം കൊണ്ടോ പ്രവൃത്തി കൊണ്ടോ നോട്ടം കൊണ്ടു പോലുമോ അവരെ മുറിപ്പെടുത്തിയിട്ടുണ്ടോ? നമുക്ക് അനുതപിച്ച്, ദൈവത്തോട് ഏറ്റുപറഞ്ഞ്, കർത്താവിനോടു കരുണക്കായി യാചിക്കാം.